REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-03-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി പശ്ചിമേഷ്യൻ സാഹചര്യം ഗൾഫ് നേതാക്കളുമായി വിലയിരുത്തി.**
- **ഗൾഫ് നാടുകളിലെ പ്രതിസന്ധിയിൽ പ്രവാസികൾക്കും അവരുടെ കുടുംബങ്ങൾക്കും ഒപ്പമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **മുതിർന്ന കോൺഗ്രസ് നേതാവും കേന്ദ്രമന്ത്രിയുമായിരുന്ന KP ഉണ്ണികൃഷ്ണൻ കോഴിക്കോട്ട് അന്തരിച്ചു.**
- **ആറ്റുകാൽ പൊങ്കാലയ്ക്ക് ഇനി മണിക്കൂറുകൾ മാത്രം. തിരുവനന്തപുരം നഗരം ഭക്തജനത്തിരക്കിൽ.**
- **ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റിലെ ആദ്യ സെമി നാളെ കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ.**

## വാർത്തകൾ വിശദമായി

പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ, ബഹ്റൈൻ രാജാവ് ഹമദ് ബിൻ ഈസ അൽ ഖലീഫ, ജോർദാൻ രാജാവ് അബ്ദുള്ള രണ്ടാമൻ എന്നിവരുമായി ടെലിഫോണിൽ സംസാരിച്ച് ഇന്ത്യയുടെ ആശങ്ക അറിയിച്ചു. ആക്രമണങ്ങളെ അപലപിച്ച മോദി, പശ്ചിമേഷ്യയിലെ ഇന്ത്യൻ സമൂഹത്തിന്റെ സുരക്ഷ ഉറപ്പാക്കിയതിന് ഭരണാധികാരികൾക്ക് നന്ദി പറഞ്ഞു.

ഖമേനിയുടെ വധത്തെത്തുടർന്ന് കശ്മീർ താഴ്വരയിൽ വ്യാപകമായ പ്രതിഷേധങ്ങൾ പൊട്ടിപ്പുറപ്പെട്ടു. പ്രക്ഷോഭകാരികളും സുരക്ഷാ സേനയും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ 14 പേർക്ക് പരിക്കേറ്റിട്ടുണ്ട്.

✪✪✪

ഇറാനെതിരെ അമേരിക്കയുടേയും ഇസ്രായേലിന്റെയും സംയുക്ത വ്യോമാക്രമണത്തിൽ ഇറാനിൽ ഇതുവരെ 555 പേർ മരിച്ചതായി റെഡ് ക്രസന്റ് അറിയിച്ചു. ഇറാന്റെ 24 പ്രവിശ്യകളിലായി 1,200-ലേറെ ആയുധങ്ങൾ ഇസ്രായേൽ വ്യോമസേന ഉപയോഗിച്ചെന്നാണ് കണക്കാക്കുന്നത്.

....ഡെസ്ക് റിപ്പോർട്ട്......

..........വോയ്സ്......

ആക്രമണത്തിന് തിരിച്ചടിയായി സൗദി അറേബ്യ, UAE, കുവൈറ്റ്, ബഹ്റൈൻ ഉൾപ്പെടെ ഒൻപത് അയൽരാജ്യങ്ങളിലേക്ക് ഇറാൻ മിസൈൽ-ഡ്രോൺ ആക്രമണങ്ങൾ വ്യാപിപ്പിച്ചു. ഇസ്രായേലിലെ ബെയ്റ്റ് ഷെമേഷിൽ മിസൈൽ ആക്രമണത്തിൽ ഒൻപത് പേർ മരിച്ചു. അബുദാബി എയർപോർട്ടിന് സമീപമുണ്ടായ ആക്രമണത്തിൽ ഒരു പാകിസ്ഥാനി അടക്കം മൂന്ന് പേരും കുവൈറ്റിൽ നാല് US സൈനികരും മരണപ്പെട്ടു.

ആവശ്യമെങ്കിൽ ഇറാനിലേക്ക് കരസേനയെ അയക്കുന്ന കാര്യം തള്ളിക്കളയാനാവില്ലെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഒരു സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

✪✪✪

പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ കണക്കിലെടുത്ത്, 357 വിമാന സർവീസുകൾ റദ്ദാക്കിയതായി വ്യോമയാന മന്ത്രാലയം അറിയിച്ചു. മേഖലയിലെ സ്ഥിതി സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് മന്ത്രാലയം സാമൂഹിക മാധ്യമ ത്തിൽ അറിയിച്ചു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഇന്നത്തെ അന്താരാഷ്ട്ര സർവീസുകൾ റദ്ദാക്കിയതായി എയർ ഇന്ത്യ എക്സ്പ്രസ്സും ഇൻഡിഗോയും അറിയിച്ചു. കണ്ണൂരിൽ നിന്ന് പുറപ്പെടേണ്ടതും എത്തേണ്ടതുമായ 16 സർവീസുകൾ ഇന്നലെ റദ്ദാക്കിയിരുന്നു.

✪✪✪

ഗൾഫ് നാടുകളിലെ പ്രതിസന്ധിയിൽ പ്രവാസികൾക്കും നാട്ടിലെ കുടുംബങ്ങൾക്കും പൂർണ പിന്തുണയുമായി ഗവൺമെന്റ് ഒപ്പമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വിദേശകാര്യ മന്ത്രാലയവുമായി ചേർന്ന് പ്രവാസികളുടെ സുരക്ഷ ഉറപ്പാക്കാൻ സാധ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പ്രസ്താവനയിൽ പറഞ്ഞു. അവശ്യ സഹായങ്ങൾ ലഭ്യമാക്കാൻ നോർക്കയുടെ സേവനങ്ങളും ലഭ്യമാണ്.

അടിസ്ഥാനരഹിതമായ വാർത്തകൾ പ്രചരിപ്പിക്കുകയോ വിശ്വസിക്കുകയോ ചെയ്യരുതെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

✪✪✪

ഗൾഫ് രാജ്യങ്ങളെ ആക്രമിക്കുന്ന ഇറാനെ മതത്തിന്റെയും പ്രീണന രാഷ്ട്രീയത്തിന്റെയും പേരിൽ പിന്തുണയ്ക്കുന്ന ഇടത്-വലത് മുന്നണികളുടെ നിലപാട് അത്ഭുതപ്പെടുത്തുന്നതായി BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. മേഖലയിൽ കഴിയുന്ന മലയാളികളുടെ സുരക്ഷയല്ല ഇരുമുന്നണികളുടെയും ലക്ഷ്യമെന്നും അദ്ദേഹം കുറ്റപ്പെടുത്തി. വോട്ടിന് വേണ്ടി മതരാഷ്ട്രവാദത്തെ പിന്തുണയ്ക്കുകയാണ് രണ്ട് മുന്നണികളും ചെയ്യുന്നത്.

ഇറാനിലെ സമീപകാല സംഭവങ്ങളും ഗൾഫ് മേഖലയിലെ രാജ്യങ്ങൾക്കു നേരെ ഉണ്ടാകുന്ന ആക്രമണങ്ങളും ആശങ്കപ്പെടുത്തുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. GCC രാജ്യങ്ങളിൽ കഴിയുന്ന ലക്ഷക്കണക്കിന് മലയാളികളുടെ സുരക്ഷയ്ക്കാണ് കേന്ദ്ര ഗവൺമെന്റ് പ്രഥമ പരിഗണന നൽകുന്നത്. ഇപ്പോഴത്തെ സ്ഥിതിയിൽ മലയാളികൾ ആശങ്കപ്പെടേണ്ടതില്ലെന്നും രാജീവ് ചന്ദ്രശേഖർ വിലയിരുത്തി. സംഘർഷം അവസാനിപ്പിക്കാൻ എല്ലാ ഭാഗത്തു നിന്നും ശ്രമം ഉണ്ടാകണമെന്നും രാജീവ് ചന്ദ്രശേഖർ ആവശ്യപ്പെട്ടു.

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ KP ഉണ്ണികൃഷ്ണൻ കോഴിക്കോട്ട് അന്തരിച്ചു. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെ പുലർച്ചെയയായിരുന്നു 89 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

പഠന കാലത്തു തന്നെ പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗമായി രാഷ്ട്രീയ ജീവിതം തുടങ്ങിയ KP ഉണ്ണികൃഷ്ണൻ 1960-ൽ കോൺഗ്രസിൽ ചേർന്നു. 1971-ലെ ലോക്സഭ തിരഞ്ഞെടുപ്പിൽ വടകരയിൽ നിന്ന് ആദ്യമായി വിജയിച്ചു. പിന്നീട് 1977 ൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി വിജയം ആവർത്തിച്ചു, 1980, 1984, 1989, 1991 വർഷങ്ങളിൽ ഇടതുമുന്നണി സ്ഥാനാർത്ഥിയായി വടകരയുടെ ജനപ്രതിനിധിയായി. 1989-90 കാലഘട്ടത്തിൽ VP.സിംഗ് മന്ത്രിസഭയിൽ ടെലി കമ്മ്യൂണിക്കേഷൻ, ഷിപ്പിംഗ്, ഉപരിതല ഗതാഗത വകുപ്പിൽ കേന്ദ്രമന്ത്രിയായി.

ഇന്ദിരാഗാന്ധിയുമായി ഉണ്ടായ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് കോൺഗ്രസ്(U)വിലേക്ക് മാറിയ ഉണ്ണികൃഷ്ണൻ, പിന്നീട് കോൺഗ്രസ് S-ലും എത്തി. 1995-ൽ വീണ്ടും കോൺഗ്രസിലേക്ക് മടങ്ങി. ഏതാനും വർഷങ്ങളായി സജീവ രാഷ്ട്രീയത്തിൽ നിന്ന് വിട്ടു നിൽക്കുകയായിരുന്നു KP ഉണ്ണികൃഷ്ണൻ.

✪✪✪

ആറ്റുകാൽ പൊങ്കാലയ്ക്ക് ഇനി കുറഞ്ഞ മണിക്കൂറുകൾ മാത്രം. തിരുവനന്തപുരം നഗരവും ക്ഷേത്രവും പരിസരവും പതിനായിരക്കണക്കിന് ഭക്തരെക്കൊണ്ട് നിറഞ്ഞു കവിഞ്ഞു.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട് ...

.....വോയ്സ്......

രാവിലെ 9.15ന് ശുദ്ധ പുണ്യാഹത്തോടെ ഇക്കൊല്ലത്തെ ആറ്റുകാൽ പൊങ്കാല ചടങ്ങുകൾ ആരംഭിക്കും.തോറ്റംപാട്ടുകൾക്ക് ശേഷം തന്ത്രി പരമേശ്വരൻ ഭട്ടതിരിപ്പാടിന്റെ സാന്നിധ്യത്തിൽ മേൽശാന്തി അനീഷ് നമ്പൂതിരി ശ്രീകോവിലിൽനിന്ന് ദീപം പകർന്ന് ക്ഷേത്ര തിടപ്പള്ളിയിലെ പൊങ്കാല അടുപ്പിലേക്കു പകരും. ഇതേ ദീപം സഹമേൽശാന്തി ഏറ്റുവാങ്ങി വലിയ തിടപ്പള്ളിയിലും പണ്ടാര അടുപ്പിലും കത്തിക്കും.

പണ്ടാര അടുപ്പിൽനിന്ന് പകരുന്ന ദീപം ഭക്തർ സ്വന്തം അടുപ്പുകളിലേക്ക് ജ്വലിപ്പിക്കും. ഉച്ചയ്ക്ക് 2.15ന് ഉച്ചപൂജയ്ക്കു ശേഷമാണ് പൊങ്കാല നിവേദ്യം. നിവേദ്യത്തിന് 350 പൂജാരിമാരെയാണ് നിയോഗിച്ചിട്ടുള്ളത്. പൊങ്കാലയോടനുബന്ധിച്ച് പൊലീസ് കനത്ത സുരക്ഷയാണ് ഒരുക്കിയിരിക്കുന്നത്.കൂടാതെ നഗരത്തിൽ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്. പൊങ്കാല അർപ്പിക്കാൻ ക്ഷേത്ര പരിസരത്ത് ഇത്തവണ കൂടുതൽ സ്ഥല സൗകര്യവും ഒരുക്കിയിട്ടുണ്ട്. പോലീസ് കൺട്രോൾ റൂം, മെഡിക്കൽ ടീം, ഫയർ ഫോഴ്സ് , വാട്ടർ അതോറിറ്റി, കെ എസ് ഇ ബി തുടങ്ങിയവ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

ക്യു ആർ കോഡ് സംവിധാനത്തിലൂടെ വിപുലമായ പാർക്കിംഗ് സംവിധാനവും സജ്ജമാണ്. കെ എസ് ആർ ടി സി ബസ്, ട്രെയിൻ എന്നിവ പ്രത്യേക സർവീസുകളും നടത്തുന്നുണ്ട്.

✪✪✪

ആറ്റുകാൽ പൊങ്കാലയ്ക്ക് കുടിവെള്ളം മുടങ്ങില്ലെന്ന് മന്ത്രി റോഷി അഗസ്റ്റിൻ ഉറപ്പു നൽകി. ജലലഭ്യത ഉറപ്പാക്കാൻ ഓരോ സെക്ഷൻ ഓഫീസും കേന്ദ്രീകരിച്ച് പ്രത്യേക സ്ക്വാഡ് രൂപീകരിച്ചു. പ്രശ്ന പരിഹാരത്തിന് കൺട്രോൾ റൂം തുറന്നിട്ടുണ്ട്.

✪✪✪

EPF വരിക്കാർക്ക് കഴിഞ്ഞ സാമ്പത്തിക വർഷം ഏട്ടേകാൽ ശതമാനം പലിശ നൽകാൻ ഇന്നലെ ഡൽഹിയിൽ ചേർന്ന ട്രസ്റ്റിമാരുടെ കേന്ദ്രബോർഡ് യോഗം തീരുമാനിച്ചു. ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യയുടെ അധ്യക്ഷതയിലാണ് 239-ാമത് ബോർഡ് യോഗം ചേർന്നത്.

✪✪✪

പൊലീസ്, വിജിലൻസ്, ജയിൽ വകുപ്പുകളുടെ പുതിയ മന്ദിരങ്ങൾ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം മുട്ടത്തറയിൽ ഉദ്ഘാടനം ചെയ്യും. പുതിയ മന്ദിരങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനത്തോടൊപ്പം നിർമ്മാണം ആരംഭിക്കുന്ന പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും മുഖ്യമന്ത്രി തറക്കല്ലിടും.

മന്ത്രി V. ശിവൻകുട്ടിയും DGP റവദാ ചന്ദ്ര ശേഖറും, ജനപ്രതിനിധികളും ചടങ്ങിൽ പങ്കെടുക്കും.

✪✪✪

കോഴിക്കോട് ജില്ലയിലെ വേങ്ങേരി, പുതിയങ്ങാടി, സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മന്ത്രി K രാജൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ഭൂമി സംബന്ധമായ എല്ലാ വിവരങ്ങളും ഉൾപ്പെട്ട ചിപ്പ് ഘടിപ്പിച്ച റവന്യൂ കാർഡ് ഈ മാസം 24ന് ജനങ്ങൾക്ക് സമർപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി ആനുകൂല്യം 4,500 രൂപയിൽ നിന്നും 6,000 രൂപയായി വർധിപ്പിക്കാൻ ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിലെ അതിജീവനത്തിന് കൈത്താങ്ങാണ് പദ്ധതിയെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് KSEB യുടെ സ്മാർട്ട് മീറ്റർ പദ്ധതിയിൽ ഗവൺമെന്റ് കണക്ഷനുകളെ പ്രീപെയിഡ് സംവിധാനത്തിലേക്ക് മാറ്റുന്ന നടപടികൾ പൂർത്തിയായി. ഒരു ലക്ഷത്തി മുപ്പതിനായിരത്തിലധികം ഓഫീസുകളാണ് പ്രീപെയിഡ് ബില്ലിംഗിലേക്ക് മാറുന്നത്. തിരുവനന്തപുരം വൈദ്യുതി ഭവനിലെ 'സ്മാർട്ട് മീറ്റർ ഓപ്പറേഷൻസ് സെന്റർ' കേന്ദ്രീകരിച്ചാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

✪✪✪

ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റിലെ ആദ്യ സെമിയിൽ നാളെ ദക്ഷിണാഫ്രിക്കയും, ന്യൂസിലാൻഡും ഏറ്റുമുട്ടും. വൈകിട്ട് ഏഴിന് കൊൽക്കത്ത ഈഡൻ ഗാർഡൻസിലാണ് മത്സരം.

രണ്ടാം സെമിയിൽ വ്യാഴാഴ്ച ഇന്ത്യ, ഇംഗ്ലണ്ടിനെ നേരിടും.

✪✪✪

കലിക്കറ്റ് സർവകലാശാലയിൽ ഗവൺമെന്റ് സ്റ്റേഡിയം നിർമാണം വൈകുന്നതിനുപിന്നിൽ വൈസ് ചാൻസലറാണെന്ന് മന്ത്രി V അബ്ദുറഹിമാൻ കുറ്റപ്പെടുത്തി. 750 കോടി രൂപ ചെലവിൽ സ്റ്റേഡിയം നിർമിക്കാൻ ഗവൺമെന്റ് തയ്യാറാക്കിയ പദ്ധതിക്ക് ഭൂമി അനുവദിക്കാൻ സിൻഡിക്കറ്റ് തീരുമാനിച്ചെങ്കിലും വൈസ്ചാൻസലർ തുടർ നടപടിയെടുക്കുന്നില്ലെന്ന് മന്ത്രി പറഞ്ഞു.

✪✪✪

കാസർകോട് ജില്ലയുടെ കായിക മേഖലയ്ക്ക് പുത്തൻ ഉണർവേകുന്ന വികസന പദ്ധതികൾക്ക് കാസർകോട്ട് തുടക്കമാകുന്നു. ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ രാജീവ് ഗാന്ധി സ്റ്റേഡിയത്തിൽ അഞ്ച് കോടിയോളം രൂപ ചെലവിൽ ആധുനിക ഫുട്ബോൾ ടർഫ് നിർമ്മിക്കും.

കാസർകോട്ട് നിന്ന് പി ജഗന്നിവാസൻ

...........വോയ്സ്.........

✪✪✪

നിയമസഭ തെരഞ്ഞെടുപ്പിന് UDF പ്രകടന പത്രിക തയ്യാറാക്കാൻ മാനിഫെസ്റ്റോ കമ്മിറ്റി വിവിധ മേഖലകളിലെ വ്യക്തികളിൽ നിന്നും രാവിലെ കോഴിക്കോട്ട് അഭിപ്രായം തേടും.

K.P.കേശവമേനോൻ ഹാളിലെ മാനിഫെസ്റ്റോ കമ്മിറ്റി ചെയർമാൻ ബെന്നി ബെഹനാൻ, അംഗങ്ങളായ PK കുഞ്ഞാലിക്കുട്ടിയും മറ്റ് പ്രമുഖ നേതാക്കളും പങ്കെടുക്കും.

✪✪✪

കണ്ണൂരിൽ മന്ത്രി വീണാ ജോർജിനെ ആക്രമിച്ചെന്ന കേസിൽ റിമാൻഡിൽ കഴിയുന്ന KSU പ്രവർത്തകരുടെ ജാമ്യാപേക്ഷ കോടതി ഇന്ന് പരിഗണിക്കും. അഞ്ച് പേരാണ് റിമാൻഡിൽ കഴിയുന്നത്.

✪✪✪

കണ്ണൂർ ആറളം പുനരധിവാസ മേഖലയിൽ  ആദിവാസി യുവാവിനെ കാട്ടാന ചവിട്ടിക്കൊന്ന സംഭവത്തിൽ, മരിച്ച അനീഷിന്റെ കുടുംബത്തിന്റെയും നാട്ടുകാരുടെയും ആവശ്യങ്ങളിൽ തീരുമാനമെടുക്കാൻ കലക്ട്രേറ്റിൽ ഇന്ന് യോഗം ചേരും.  അനീഷിന്റെ മരണത്തിന് കാരണം  ജില്ലാഭരണകൂടത്തിന്റെ അനാസ്ഥയും, വംശീയവിവേചനവുമാണെന്ന് ആദിവാസി സംഘടനാ നേതാക്കളാൾ ആരോപിച്ചു.

✪✪✪

മണ്ണാർക്കാട് പൂരം പ്രമാണിച്ച് അട്ടപ്പാടി, മണ്ണാർക്കാട് താലൂക്കുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവണ്മെന്റ് ഓഫീസുകൾക്കും ഇന്ന് പാലക്കാട് ജില്ലാ കളക്ടർ അവധി നൽകി. നേരത്തെ നിശ്ചയിച്ച PSC പരീക്ഷകൾക്കും പൊതു പരീക്ഷകൾക്കും മാറ്റം ഉണ്ടാവില്ല.

✪✪✪

ആട് വസന്ത രോഗ നിർമ്മാർജ്ജന യജ്ഞത്തിനു  സംസ്ഥാനത്തു നാളെ തുടക്കമാകും. പ്രതിരോധ കുത്തിവെപ്പിന്റെ രണ്ടാം ഘട്ടത്തിനാണ് നാളെ തുടക്കമിടുന്നത്.  മന്ത്രി J. ചിഞ്ചുറാണി കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിൽ രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor & News Reader : അനിൽ ചന്ദ്രൻ,*
*News Team: സയ്യിദ് അലി ശിഹാബ്, പ്രവീൺ*
*DEO: സി കെ സുബോധ്*